(ബി) ഉണ്ട്. പൊതുജനങ്ങളുടെ ആവശ്യം കൂടി കണക്കിലെടുത്ത് സംസ്ഥാന ജലഗതാഗത വകുപ്പ് നൽകിയിട്ടുള്ള 51 ഷെഡ്യൂളുകളും മുടക്കം കൂടാതെ കാര്യക്ഷമമായി നടത്തി വരുന്നു. ഇതിൽ സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി അപ്പർ ഡെക്ക് സംവിധാനമുള്ള രണ്ട് ലക്ഷ്വറി ബോട്ടുകൾ ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ഇത് കൂടാതെ 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന അത്യന്താധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് പാസഞ്ചർ കം-ടൂറിസ്റ്റ് ഡബിൾ ഡക്കർ ബോട്ടുകൾ 'സീ-കുട്ടനാട് 'എന്ന പേരിൽ ആലപ്പുഴ-കുട്ടനാട് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെ കയറ്റാവുന്ന രീതിയിൽ രൂപകല്പന ചെയ്ത ആറ് പാസ്സഞ്ചർ-കം-വെഹിക്കിൾ കാരിയർ ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) നിലവിൽ 56 ബോട്ടുകൾ പ്രവർത്തനക്ഷമമാണ് പ്രതിദിനം 51 സർവ്വീസ് നടത്തി വരുന്നു.

കളരിപ്പയറ്റിനെ കായിക ഇനമായി ഉൾപ്പെടുത്തുവാൻ പദ്ധതി

15 (*165) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തനത് ആയോധന കലയായി കളരിപ്പയറ്റിനെ കണക്കാക്കുന്നുണ്ടോ ;

(ബി) കളരിപ്പയറ്റിനെ സ്വായത്തമാക്കാൻ വിദേശ രാജ്യങ്ങളിൽ നിന്നുപോലും പഠിതാക്കൾ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആയോധന കലയെ ഒരു കായിക ഇനമായി ഉൾപ്പെടുത്തി ഈ ശാഖയുടെ വളർച്ചയ്ക്ക് ഉതകുന്ന പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ&ബി) ഉണ്ട്.

(സി) 2008-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് ചട്ടങ്ങൾപ്രകാരം കളരിപ്പയറ്റിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ആയതുപ്രകാരം കളരിപ്പയറ്റിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സംഘടനയായ കേരള കളരിപ്പയറ്റ് അസോസിയേഷനെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സംഘടന ടി

LIBRARY ARCHIVES Kerala Legislative Assembly

ആയോധന കലയുടെ വളർച്ചയ്ക്ക് ഉതകുംവിധം കേരളത്തിൽ ജില്ലാ/സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിച്ചു വരുന്നു. കേരള കളരിപ്പയറ്റ് അസോസിയേഷന് സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ടി ആയോധന കലയെ പ്രോത്സാഹിപ്പിക്കുന്നതിലേക്ക്, മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന കായികതാരങ്ങളെ സ്പോർട്സ് ക്വാട്ട അഡ്മിഷൻ, ഗ്രേഡ് മാർക്ക്, സ്പോർട്സ് ക്വാട്ട നിയമനം എന്നിവയിലേക്ക് പരിഗണിച്ചു വരുന്നു. കൂടാതെ കളരിപ്പയറ്റ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് കായിക യുവജന കാര്യാലയത്തിൽ നിന്നും ധനസഹായം നൽകി വരുന്നുണ്ട്. ഇവയ്ക്ക് പുറമേ കളരിയുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനുമായി കോഴിക്കോട് ജില്ലയിലെ വടകരയിൽ ഒരു കളരി അക്കാഡമി സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

റോഡപകടങ്ങളിൽ അജ്ഞാത വാഹനങ്ങളുടെ പങ്ക്

16 (*166) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങളിൽ അജ്ഞാത വാഹനങ്ങളുടെ പങ്ക് വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) അജ്ഞാത വാഹനങ്ങളുടെ പങ്കാളിത്തം കുറച്ചുകൊണ്ടുവരാൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; കൂടുതൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) പ്രസ്തുത വാഹനങ്ങളുണ്ടാക്കുന്ന അപകടങ്ങൾക്കിരയാകുന്നവർക്കും ആശ്രിതർക്കും നഷ്ടപരിഹാരത്തിനുള്ള നടപടി കേസ് രജിസ്റ്റർ ചെയ്യുന്നതോടൊപ്പം സ്വമേധയാ ആരംഭിക്കാൻ തക്ക വിധത്തിൽ നടപടിക്രമം പരിഷ്കരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ചില ജില്ലകളിൽ നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അജ്ഞാത വാഹനങ്ങളുടെ പങ്കാളിത്തമുള്ള അപകടങ്ങൾ ഭൂരിഭാഗവും രാത്രികാലങ്ങളിലും, അതിരാവിലെയുമാണ് നടക്കുന്നത്. ഈ സമയത്തുള്ള വാഹന പരിശോധന കർശനമായി നടത്തി വരുന്നുണ്ട്. കൂടാതെ വ്യക്തതയില്ലാത്ത നമ്പർ പ്ലേറ്റുകൾ, Material Alteration, ആർ.സി. ബുക്കിൽ രേഖപ്പെടുത്താത്ത നിറംമാറ്റം,

LIBRARY ARCHIVES Kerala Legislative Assembly